## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*T 292 — 22.02.2016 ൽ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ. സദാശിവൻ :<br>ശ്രീ.ജി. സുധാകരൻ :<br>ശ്രീ. കെ. സുരേഷ് കുറുപ്പ് : | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) വെള്ളപ്പൊക്ക നിയന്ത്രണത്തിനായി സ്വാമിനാഥൻ കമ്മീഷൻ ശിപാർശയനുസരിച്ച് കുട്ടനാട് പാക്കേജിന്റെ ഭാഗമായി കേന്ദ്രം അനുവദിച്ച പദ്ധതി വകുപ്പിന്റെ കെട്ടുകാര്യസ്ഥത കാരണം നടപ്പിലാക്കാനായില്ലെന്നും കേന്ദ്രം പാക്കേജ് റദ്ദാക്കുന്നുവെന്നുമുള്ള വാർത്തയുടെ നിജസ്ഥിതി അറിയിക്കാമോ; | (എ) കുട്ടനാട് പാക്കേജിൻ കീഴിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിനായി കേന്ദ്രം അനുവദിച്ച പ്രവർത്തികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കുട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈയിൽ അവസാനിച്ചതായാണ് കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ളത്.<br>ബഹു.മുഖ്യമന്ത്രിയും,കൃഷി വകുപ്പ് മന്ത്രിയും പാക്കേജിന്റെ കാലാവധി 2 വർഷംകൂടി നീട്ടിനല്കണമെന്ന് ആവശ്യപ്പെട്ട്കൊണ്ട് കേന്ദ്രസർക്കാരിന് കത്ത് നല്കിയെങ്കിലും പാക്കേജിൻ കീഴിൽ അവശേഷിക്കുന്ന പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാനാണ് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. കെഇഎൽ-3, ഓണാട്ടുകര പദ്ധതികൾ എന്നിവ പൂർത്തികരിക്കുന്നതിനായി ഡിസംബർ 2016 വരെ കേന്ദ്രസർക്കാർ സമയപരിധി നീട്ടിനല്കിയിട്ടുണ്ട്. |
| (ബി) പദ്ധതിക്ക് കേന്ദ്ര അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ; | (ബി) ഭൂരിഭാഗം പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. കുട്ടനാട് പാക്കേജിനായി പ്രത്യേക ബജറ്റ് ശീർഷകമില്ലാത്തതിനാൽ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള തുടർ-സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. ജലസേചന |

| | |
|---|---|
| | വകുപ്പിൻ കീഴിൽ വരുന്ന 1518.50 കോടിരൂപയുടെ പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളുള്ള കേന്ദ്ര സ്കീമുകൾ കണ്ടെത്തേണ്ടി വന്നതിനാലും പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാങ്കേതിക അനുമതിയും കേന്ദ്രജലകമ്മീഷന്റെ അനുമതിയും ലഭിക്കേണ്ടതിനാലും കൂടുതൽ സമയം ആവശ്യമായി വരികയുണ്ടായി. |
| (സി) കേന്ദ്ര സഹായം പാഴാക്കിയതിന് ഉത്തരവാദികൾ ആരൊക്കെയാണ്; പദ്ധതി ഇനി പ്രാവർത്തികമാക്കാൻ സാധിക്കുമോ; എങ്കിൽ എങ്ങനെയെന്നും അതിന്റെ രൂപരേഖയും അറിയിക്കുമോ? | കേന്ദ്രസഹായം പാഴായതായി കാണുന്നില്ല. കേന്ദ്രസർക്കാർ നിർദ്ദേശിച്ചപ്രകാരം പാക്കേജിൻ കീഴിൽ അവശേഷിക്കുന്ന പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**